സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിനെ സംരക്ഷിക്കുന്നതിനായിട്ടുള്ള എല്ലാ ശ്രമവും വ്യവസായ വകുപ്പ് നടത്തുന്നതാണ്. ടെക്സ്റ്റൽ മില്ലുകൾക്ക് പൊതുവായി മോശമായ സ്ഥിതിയുണ്ട്. എന്നാലും എൻ.സി.ഡി.സി സഹായം പ്രതീക്ഷിക്കുന്നതു കൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഫണ്ട് കൊടുക്കുന്നതിനുള്ള എല്ലാ ശ്രമവും നടത്തുന്നുണ്ട്. അധികം വൈകാതെതന്നെ ഫണ്ട് കൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(12) ധനവകുപ്പിന്റെ അംഗീകാരം

ശ്രീ. സി. മമ്മൂട്ടി: സർ, പാവപ്പെട്ട അനേകം ക്യാൻസർ രോഗികൾ ആശ്രയിക്കുന്ന ഒരാശുപത്രിയാണ് തിരൂരിലെ ജില്ലാ ആശുപത്രി. ഏതാണ്ട് നാലായിരത്തോളം ക്യാൻസർ രോഗികളാണ് വർഷത്തിൽ കീമോതെറാപ്പിക്കു വേണ്ടി അവിടെ വരുന്നത്. കീമോതെറാപ്പി കഴിഞ്ഞശേഷം റേഡിയേഷൻ ചികിത്സയ്ക്കും സർജറിക്കും തിരുവനന്തപുരത്തെ ആശുപത്രിയെയോ തലശ്ശേരി ആശുപത്രിയെയോ ആണ് ആശ്രയിക്കുന്നത്. മലബാറിൽ നിന്ന് വരുന്ന മാവേലി എക്സ്പ്രസ്സും മലബാർ എക്സ്പ്രസും ക്യാൻസർവണ്ടികളായാണ് വരുന്നത്. അത്രയും കഷ്ടപ്പാട് നിറഞ്ഞ ക്യാൻസർ രോഗികൾക്ക് വേറെ ചികിത്സാ മാർഗ്ഗമില്ലാത്ത സാഹചര്യത്തിൽ അവിടത്തെ ജില്ലാ ആശുപത്രിയിൽ, അങ്ങ് ഇക്കാര്യങ്ങളെല്ലാം നേരിട്ട് കണ്ട് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു ഓങ്കോളജി ബ്ലോക്ക് എല്ലാ സൗകര്യങ്ങളോടുകൂടി ചെയ്യാമെന്ന് പറയുകയും അതിൻ പ്രകാരം ഫയൽ ധനവകുപ്പിൽ വരികയും അങ്ങ് ഒപ്പു വയ്ക്കുകയും ചെയ്തു. പക്ഷെ ബഡ്ജറ്റ് സപ്പോർട്ടില്ലെന്നുപറഞ്ഞ് അത് നഷ്ടപ്പെട്ടുപോയ സാഹചര്യത്തിൽ ഇക്കാര്യം നേരിട്ടുകണ്ട് ബോധ്യപ്പെട്ട അങ്ങ് കാരുണ്യ ബെനവലന്റ് സ്കീമടക്കം കൊണ്ടു വന്നതുപോലെ ഇക്കാര്യത്തിൽ താത്പര്യമെടുത്ത് മലബാറിലെ ഏക ആശ്രയമായ ഈ ആശുപത്രിയിൽ എല്ലാ സംവിധാനത്തോടുകൂടിയ ഓങ്കോളജി ബ്ലോക്ക് ആരംഭിക്കുന്നതിനുള്ള സത്വര നടപടിയുള്ള ഉത്തരവ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, തിരൂർ ജില്ലാ ആശുപത്രിയിൽ ഓങ്കോളജി വിഭാഗം നിർമ്മിക്കുന്നതിന് 2013-14, 2014-15 വർഷത്തെ ബഡ്ജറ്റുകളിൽ—തുക ഉൾക്കൊള്ളിച്ചിട്ടില്ല. അതിനാൽ 8-8-14-ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തുന്നതിന് ശിപാർശ സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും 6-11-2014-ലാണ് അവരുടെ ശിപാർശ ലഭ്യമാക്കിയത്. അതിനുമുൻപെ എസ്.ഡി.ജി. ശുപാർശകൾ അംഗീകരിക്കപ്പെട്ട പോയി. നിർമ്മാണ പ്രവൃത്തിക്കാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞില്ല. അടുത്ത സാമ്പത്തിക വർഷം ഇത് പരിഗണിക്കാം.

(13) തേയില തോട്ടങ്ങളിലെ പ്രതിസന്ധി

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പീരുമേട്ടിലെ തേയില തോട്ടവും നമ്മുടെ സംസ്ഥാനത്തെ തേയില തോട്ടവുമാകെ കടുത്ത പ്രതിസന്ധിയിലാണ്. പീരുമേട് നിയോജക മണ്ഡലത്തിലെ കോട്ടമല, ബോണാമി എന്നീ രണ്ട് തേയില തോട്ടങ്ങൾ നിലവിൽ തോട്ടമുടമ ഉപേക്ഷിച്ച പോയിട്ടുണ്ട്. തുറന്ന് പ്രവർത്തിക്കുന്ന തോട്ടങ്ങൾ തന്നെ കടുത്ത പ്രതിസന്ധിയിലാണ്. ശമ്പളപരിഷ്കരണ നടപടി ഇതുവരെ ആരംഭിച്ചിട്ടില്ല. ശമ്പള പരിഷ്കരണ ചർച്ചകളാരംഭിച്ചാൽ തോട്ടം വീണ്ടും പൂട്ടിപ്പോകുന്ന സാഹചര്യമുണ്ട്. ഹാരിസൺ മലയാളം ലിമിറ്റഡ് വലിയ പ്രശ്നമില്ലാതെ പ്രവർത്തിച്ചുകൊണ്ടിരുന്ന എസ്റ്റേറ്റാണ്. അവിടെ സീനിയർ-ഏജ്മായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തോട്ടം നടത്തിപ്പിനെ ഗുരുതരമായി ബാധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ വിളിച്ചുചേർത്ത യോഗത്തിൽ വളരെ ഗൗരവതരമായി ഉന്നയിച്ച ഒരു പ്രശ്നമാണ്. എന്നാൽ ആ പ്രശ്നത്തിന് ഇതുവരെ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞില്ല. ടാറ്റ അടക്കമുള്ള തേയിലത്തോട്ടങ്ങൾ കടുത്ത പ്രതിസന്ധിയിൽ നിൽക്കുന്ന സാഹചര്യത്തിലാണ് ഗവൺമെന്റ് പ്ലാന്റേഷൻ ടാക്സ്, ബേസിക് ടാക്സ്, ബിൽഡിംഗ് ടാക്സ്, ഇലക്ട്രിസിറ്റി ചാർജ് ഇവയൊക്കെ വർദ്ധിപ്പിച്ചത്. ഇതൊക്കെ തോട്ടം മേഖലകളുടെ പ്രവർത്തനത്തെ ഗുരുതരമായി ബാധിക്കുന്നുണ്ട്. ട്രേഡ് യൂണിയൻ നേതാക്കൻമാർ തന്നെ മുൻകൈയെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എഴുതിക്കൊടുത്ത്, മുഖ്യമന്ത്രി യോഗം വിളിച്ചിട്ടും പരിഹാരത്തിലേക്ക് എത്താൻ കഴിഞ്ഞില്ല. പീരുമേട്ടിലെ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ പുന:സ്ഥാപിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണമടക്കമുള്ള വിഷയങ്ങളിലും എച്ച്.എം.എൽ. പ്ലാന്റേഷൻ അവരുടെ സീനിയർ-ഏജ്മായി ബന്ധപ്പെട്ട പ്രശ്നങ്ങളിലും അടിയന്തരമായ നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly